**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(ജനറൽ) & വിജിലൻസ് ആഫീസറുടെ നടപടി**

**ഉത്തരവ്**

(ഹാജർ: ജെസ്സി ജോസഫ്)

വിഷയം: പൊ.വി.വിജിലൻസ്– വയനാട്, തരിയോട് ജി.എച്ച്.എസ്.എസിലെ യു.പി.എസ്.എ.–ശ്രീ.ഷാജുജോൺ–ഫേസ് ബുക്ക് പോസ്റ്റുകളിൽ സഭ്യേതരമായ ഭാഷാപ്രയോഗവും വിമർശനവും നടത്തിയതിന് വേലവിലക്ക് കൽപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം: വയനാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 22.03.2017–ലെ റിപ്പോർട്ട്.

**ഉത്തരവ് നമ്പർ വിബി6/22497/17/ഡി.പി.ഐ. തീയതി 22.03.2017**

വയനാട് ചെന്നലോട് ഗവൺമെന്റ് യു.പി.സ്കൂൾ മുൻ അധ്യാപകനും നിലവിൽ തരിയോട് ഗവൺമെന്റ് ഹൈസ്കൂൾ യു.പി.എസ്.എ. യുമായ ശ്രീ.ഷാജുജോൺ ഫേസ്ബുക്ക് പോസ്റ്റുകളിൽ മുഖ്യമന്ത്രിയെയും, മറ്റു മന്ത്രിമാരെയും, സർക്കാരിനെയും സഭ്യേതര ഭാഷയിൽ വിമർശിക്കുകയും, അവഹേളിക്കുകയും ചെയ്തതായി വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർ മേൽ പരാമർശപ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ശ്രീ.ഷാജുജോണിന്റെ മേൽ പ്രവൃത്തി 1960–ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ട സംഹിത റൂൾ 60 നെതിരും കടുത്ത അച്ചടക്കലംഘനവും ഒരു അധ്യാപകന്റെ പദവിക്ക് നിരക്കാത്തതുമാണ്.

മേൽ സാഹചര്യത്തിൽ 1960–ലെ കേരളസിവിൽ സർവ്വീസ് (സി.സി.&എ) റൂൾ 10 പ്രകാരം തരിയോട് ഗവൺമെന്റ് ഹൈസ്കൂളിലെ യു.പി.വിഭാഗം അധ്യാപകനായ ശ്രീ.ഷാജുജോണിനെ അന്വേഷണവിധേയമായി വേലവിലക്ക് കൽപിച്ച് ഉത്തരവാകുന്നു.

ശ്രീ.ഷാജുജോണിന് വേലവിലക്ക് കാലയളവിൽ നിയമാനുസൃതമായ ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(ജനറൽ)

1. ശ്രീ.ഷാജുജോൺ, യു.പി.എസ്.എ.,
   ജി.എച്ച്.എസ്. തരിയോട് (പ്രധമാധ്യാപകൻ മുഖാന്തിരം)
2. വിദ്യാഭ്യാസ ഉപ ഡയറക്ടർ, വയനാട്
3. ജില്ലാവിദ്യാഭ്യാസ ആഫീസർ, വയനാട്
4. പ്രധമാധ്യാപകൻ, ഗവൺമെന്റ് എച്ച്.എസ്.എസ്. തരിയോട്–വേലവിലക്ക് ഉത്തരവിന്റെ രണ്ടു പകർപ്പുകൾ അയയ്ക്കുന്നു. ഒന്ന് ബന്ധപ്പെട്ട അധ്യാപകന് കൈമാറേണ്ടതും പകർപ്പിൽ ടിയാന്റെ ഒപ്പ് തീയതി രേഖപ്പെടുത്തി വാങ്ങി ഈ ആഫീസിലേക്ക് കൈമാറേണ്ടതാണ്.
5. കരുതൽ ഫയൽ/ആഫീസ് കോപ്പി.

## പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) & വിജിലൻസ് ഓഫീസറുടെ നടപടി ഉത്തരവ്

**(ഹാജർ: ജെസ്സി ജോസഫ്)**

**വിഷയം:-** പൊതു വിദ്യാഭ്യാസം - വിജിലൻസ് - സാമൂഹ്യ മാധ്യമങ്ങളിലൂടെ മതസ്പർദ്ധ വളർത്തുന്നതും സർക്കാർ വിരുദ്ധവുമായ പ്രചരണങ്ങൾ നടത്തിയത്-അച്ചടക്ക നടപടി-ശ്രീ. കബീർകുട്ടി. എസ്., പ്രഥമാധ്യാപകൻ ഗവ. ബോയ്സ് എച്ച്എസ്എസ്, ചവറ - വേലവിലക്ക് കല്പിച്ച് ഉത്തരവാകുന്നു.

**പരാമർശം:-** 1. ചവറ ഗവ. എച്ച്എസ്എസ്-ലെ എസ്എംസി ചെയർമാൻ ശ്രീ. വർഗീസ് സമർപ്പിച്ച പരാതി തീയതി: 10.03.2017.
2. സർക്കാർ സർക്കുലർ നം.78/ഉ.പ.സി.2/2017/ഉഭപവ തീയതി: 03.01.2017

### ഉത്തരവ് നം. വിബി4/19953/2017/ഡിപിഐ തീയതി: 27/03/2017

കൊല്ലം ചവറ ഗവ. ബോയ്സ് എച്ച്എസ്എസ്-ലെ പ്രഥമാധ്യാപകനായ ശ്രീ. കബീർകുട്ടി. എസ്., ടിയാന്റെ ഫേസ്ബുക്ക് അക്കൗണ്ടിലൂടെ ഹിന്ദുക്കളെയും ക്രിസ്ത്യാനികളെയും, ഭരണാധികാരികളെയും നിരന്തരം അപകീർത്തിപ്പെടുത്തി കൊണ്ടിരിക്കുകയാണെന്നും ഒരു സർക്കാർ ജീവനക്കാരന്റെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ടിയാനെ മാതൃകാപരമായി ശിക്ഷിക്കണമെന്നും അപേക്ഷിച്ച് കൊണ്ട് ടി സ്കൂളിലെ എസ്എംസി ചെയർമാൻ ശ്രീ. വർഗീസ് മേൽ പരാമർശം (1) പ്രകാരം പരാതി സമർപ്പിച്ചിരുന്നു. ശ്രീ. വർഗീസ് സമർപ്പിച്ച പരാതിയോടൊപ്പമുള്ള രേഖകൾ പരിശോധിച്ചതിൽ നിന്നും ശ്രീ. കബീർകുട്ടി തന്റെ ഫേസ്ബുക്ക് അക്കൗണ്ടായ 'കബീർ പോരുവഴി' ഉപയോഗിച്ച് മതസ്പർദ്ധ വളർത്തുന്നതും, സർക്കാർ വിരുദ്ധവുമായ പോസ്റ്റുകൾ പ്രചരിപ്പിക്കുന്നതായി ബോധ്യപ്പെട്ടിരിക്കുന്നു. ശ്രീ. കബീർകുട്ടിയ്ക്ക് എതിരായി ഇതേ വിഷയത്തില മുമ്പ് ഈ ഓഫീസിൽ നിന്നും അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. ഈ വിഷയത്തിൽ ടിയാന്റെ ഖേദപ്രകടനവും, മാപ്പപേക്ഷയും പരിഗണിച്ച് തുടർ നടപടികളിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ടിയാൻ ഇപ്പോഴും ഇത്തരം പ്രവൃത്തികൾ തുടരുന്നതായി കണ്ടെത്തിയിരിക്കുന്നു.

ശ്രീ. കബീർകുട്ടിയുടെ മേൽ പ്രവർത്തികൾ 1960-ലെ കേരളാ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ട സംഹിത ചട്ടം 60-നെതിരും കടുത്ത അച്ചടക്ക ലംഘനവും പ്രഥമാധ്യാപകൻ എന്ന പദവിയ്ക്ക് നിരക്കാത്തതുമാണ്. മേൽ സാഹചര്യത്തിൽ 1960-ലെ കെസിഎസ് (സിസിഎ) ചട്ടം 10 പ്രകാരം ശ്രീ. കബീർകുട്ടിയെ അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധം വേലവിലക്ക് കല്പിച്ച് ഉത്തരവാകുന്നു.

ശ്രീ. കബീർകുട്ടിയ്ക്ക് വേലവിലക്ക് കാലയളവിൽ നിയമാനുസൃതമായ ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

പൊതു വിദ്യാഭ്യാസ അഡീഷണൽ
ഡയറക്ടർ (ജനറൽ) & വിജിലൻസ് ഓഫീസർ

1. ശ്രീ. കബീർകുട്ടി. എസ്., പ്രഥമാധ്യാപകൻ, ഗവ. ബോയ്സ് എച്ച്എസ്എസ്, ചവറ കൊല്ലം
2. വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം (വേലവിലക്ക് ഉത്തരവിന്റെ 2 പകർപ്പുകൾ അയയ്ക്കുന്നു. ഒരു പകർപ്പ് ടിയാന് നൽകി രണ്ടാമത്തെ പകർപ്പിൽ ടിയാന്റെ ഒപ്പ് തീയതി വച്ച് രേഖപ്പെടുത്തി മടക്കി അയച്ച് നൽകേണ്ടതാണ്)
3. ജില്ലാ വിദ്യാഭ്യാസ ആഫീസർ, കൊല്ലം
4. സൂപ്രണ്ട്, 'ഡി' സെക്ഷൻ (സത്വര നടപടികൾക്കായി)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി